# ചരിത്ര ശകലങ്ങൾ

**കെ.എ**

**തിരുമേനിയുടെ** വിയോഗത്തിന്റെ ഒരു വർഷം മുമ്പാണ് സംഭവം. അബൂബക്കർ(റ) ബസറയിലേക്ക് കച്ചവടത്തിന് പോകാൻ ഒരുങ്ങിയിരിക്കുന്നു. അക്കാലത്ത്, പക്ഷെ, ഒറ്റക്കൊന്നും ദീർഘമായ മണൽക്കാട്ടിലൂടെ യാത്ര ചെയ്യാൻ ആരും ധൈര്യപ്പെടാറില്ല. മുമ്പൊക്കെ കൊള്ളക്കാരെ ഭയപ്പെടേണ്ടിയിരുന്നു. മക്കാ വിജയത്തിനുശേഷം ആ ഭീതി നിശ്ശേഷം നീങ്ങിപ്പോയി. എന്നാലും മണലാരണ്യത്തിന്റെ അനന്തവിശാലതയും ഉഗ്രമായ ചൂടും ഒറ്റക്ക് ദീർഘയാത്ര ചെയ്യുന്നതിനു തടസ്സമായിത്തന്നെ നില കൊണ്ടു. അതിനാൽ അബൂബക്കർ(റ) തന്റെ വിശ്വസ്തരായ രണ്ടു കൂട്ടുകാരോടൊപ്പമാണ് യാത്ര പുറപ്പെട്ടത്. ഒന്നു തമാശക്കാരനായ സുവൈബിത്തും മറ്റൊന്നു നുഐമാനും.

ബസറയിൽ സൗകര്യമെന്ന് തോന്നിയ ഒരു സ്ഥലത്ത് അവർ തമ്പടിച്ചു. മാർക്കറ്റിൽനിന്നും അല്പം അകലെയായിരുന്നു ഈ സ്ഥലം. അബൂബക്കർ(റ) കൂട്ടുകാരെ അവിടെ നിർത്തി കച്ചവട സാധനങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനുമായി മാർക്കറ്റിലേക്കു പോയി. ഭക്ഷണ സമയമായിട്ടും അദ്ദേഹം മടങ്ങി വരുന്നത് കാണുന്നില്ല. സുവൈബത്തിന്റെ ക്ഷമ നശിച്ചു. നുഐമാനായിരുന്നു ഭക്ഷണകാര്യങ്ങളുടെ ചുമതല വഹിച്ചിരുന്നത്. സുവൈബിത്ത് അദ്ദേഹത്തോടു പറഞ്ഞു: "എന്റെ ഓഹരി ഇങ്ങ് തന്നേക്കു. എനിക്ക് വല്ലാതെ വിശക്കുന്നു."

"അബൂബക്കർ വരട്ടെ." നുഐമാൻ മറുപടി പറഞ്ഞു. "എന്റെ ഓഹരി തരാൻ എന്തിനു അബൂബക്കർ?" "ന്യായവാദമൊന്നും എനിക്ക് കേൾക്കണ്ട. അബൂബക്കർ വന്നല്ലാതെ ഞാൻ ഭക്ഷണം തരില്ല."

നുഐമാന്റെ കയ്യിൽനിന്നു ഒരു നിലക്കും ഭക്ഷണം കിട്ടുകയില്ലെന്നു ബോധ്യമായപ്പോൾ അയാളെ ഒന്നു പറ്റിക്കാൻ തന്നെ തീരുമാനിച്ചു സുവൈബിത്ത്. നുഐമാനെ നോക്കി "കാണിച്ചു തരാം" എന്നു പറഞ്ഞുകൊണ്ട് അയാൾ തമ്പിൽനിന്ന് ഇറങ്ങി നടന്നു.

അടിമ വ്യാപാരമുള്ള കാലമാണത്. മറ്റു ചരക്കുകളെപ്പോലെ അടിമകളും അന്ന് മാർക്കറ്റിൽ വില്പനക്ക് വരുമായിരുന്നു. സുവൈബിത്ത് നേരെ ഒരടിമ വ്യാപാര സങ്കേതത്തിലേക്കാണ് പോയത്. പ്രധാനപ്പെട്ട കച്ചവടക്കാരന്റെ അടുത്തുചെന്നു അദ്ദേഹം ചോദിച്ചു:

"എന്റെ കയ്യിൽ ഒരടിമയുണ്ട്. നിങ്ങൾക്ക് വേണോ?"

"അടിമകൾ എത്രയുണ്ടെങ്കിലും വേണം. ഇപ്പോൾ മുഹമ്മദിന്റെ പുത്തൻ മതക്കാർ കണ്ടമാനം സ്വതന്ത്രരാക്കുന്നതിനാൽ ആവശ്യത്തിന് അടിമകളെ കിട്ടാനില്ല."

"പക്ഷെ, എന്റെ അടിമക്ക് ഒരു പ്രത്യേക സ്വഭാവമുണ്ട്. അത് ആദ്യമേ പറഞ്ഞേക്കാം."

"ങ്ഹും....?"

"അവൻ എപ്പോഴും ഞാൻ അടിമയല്ല; ഞാൻ സ്വതന്ത്രനാണ്" എന്നിങ്ങനെ പറഞ്ഞുകൊണ്ടിരിക്കും."

"അത്രെയുള്ളൂ? അത് സാരമില്ല. മറ്റു വല്ല തകരാറുമുണ്ടോ?"

"മറ്റൊരു തകരാറുമില്ല. ഏല്പിച്ച എല്ലാ ജോലിയും കൃത്യമായും കണിശമായും നിർവഹിക്കും. പക്ഷെ, താൻ സ്വതന്ത്രനാണെന്ന് പറഞ്ഞാൽ നിങ്ങൾ അവനെ വിട്ടുകളയരുത്."

"ഇല്ല. അതെല്ലാം ഞങ്ങളേറ്റു."

അങ്ങനെ പത്തു ഒട്ടകത്തിനു പകരമായി നുഐമാനെ അടിമക്കച്ചവടക്കാർക്ക് വിറ്റു. ഒട്ടകങ്ങളെ തെളിച്ചു കൊണ്ട് സുവൈബിത്ത് മുമ്പിലും കച്ചവടക്കാർ പിമ്പിലുമായി വരുന്നത് കണ്ടപ്പോൾ നുഐമാൻ ആശ്ചര്യപ്പെട്ടുപോയി. ഇതെന്ത് കഥ! കയ്യിൽ ഒരു കാശുമില്ലാതെ സുവൈബിത്തിന് എവിടെ നിന്ന് കിട്ടി ഈ ഒട്ടകങ്ങളെ?

കച്ചവടക്കാരൻ നേരെ തമ്പിലേക്ക് കയറിച്ചെന്ന് നുഐമാന്റെ കഴുത്തിൽ മുണ്ടു ചുറ്റി. അപ്പോഴാണ് സുവൈബിത്ത് തന്നെ പറ്റിച്ചിരിക്കുന്നുവെന്ന് അദ്ദേഹത്തിന് ബോധ്യമായത്. ഉടനെ അയാൾ കച്ചവടക്കാരനോടു പറഞ്ഞു:

"നിങ്ങളെ ഈ മനുഷ്യൻ കബളിപ്പിച്ചതാണ്. ഞാൻ അടിമയല്ല."

"അതെല്ലാം ഞങ്ങൾക്കറിയാം."

നുഐമാൻ പലതും പറഞ്ഞുനോക്കി. കച്ചവടക്കാർ വിട്ടില്ല. അവർ അദ്ദേഹത്തേയും കൂട്ടി തങ്ങളുടെ സങ്കേതത്തിലേക്കു പോയി. അതിനു ശേഷം സുവൈബിത്ത് ഭക്ഷണമൊക്കെ കഴിച്ചു കഴിഞ്ഞപ്പോഴാണ് അബൂബക്കർ തിരിച്ചെത്തിയത്. വന്ന പാടേ സുവൈബിത്ത് തന്നെ സംഭവങ്ങളെല്ലാം വിശദമായി അദ്ദേഹത്തെ കേൾപ്പിച്ചു. ഉടനെ അബൂബക്കർ ഒട്ടകങ്ങളുമായി കച്ചവട സ്ഥലത്തെത്തി.നുഐമാനെ തിരിച്ചുകൊണ്ടു വന്നു. അവർ വന്നു നോക്കിയപ്പോൾ സുവൈബിത്ത് ഒന്നുമറിയാത്തവനെപ്പോലെ പഴയ ഒരറബി കവിതയും പാടി തമ്പിലിരിക്കുയാണ്. ഇത് കണ്ടപ്പോൾ

അബൂബക്കറും നുഐമാനും പൊട്ടിച്ചിരിച്ചു പോയി.

മദീനയിൽ മടങ്ങിയെത്തിയ ശേഷം അബൂബക്കർ(റ) നബി(സ) യോടു പറഞ്ഞപ്പോൾ തിരുമേനിയും പൊട്ടിച്ചിരിക്കുകയുണ്ടായി.

* * * *

ഖലീഫാ ഉമറി(റ) ന്റെ കാലത്താണ് സംഭവം. മുഗീറത്തുബ്നു ശുഅ്ബയെ ഉമർ(റ) ബഹ്റൈനിലെ ഗവർണ്ണറായി നിശ്ചയിച്ചിട്ടുണ്ടായിരുന്നു. ബഹ്റൈനിക്കാർക്ക്, പക്ഷെ, അദ്ദേഹത്തെ ഇഷ്ടപ്പെട്ടില്ല. ഇതറിഞ്ഞപ്പോൾ ഉമർ(റ) അദ്ദേഹത്തെ തിരിച്ചു വിളിച്ചു. പക്ഷെ, ബഹറൈനിക്കാർക്ക് സമാധാനമായില്ല. ഉമറിന്റെ സ്വഭാവത്തെപ്പറ്റി അവർക്ക് നന്നായി അറിയാമായിരുന്നു. ആളുകളുടെ സ്ഥാപിത താൽപര്യത്തിലധിഷ്ഠിതമായ ഇഷ്ടാനിഷ്ടങ്ങൾ ഉമറിനു ഒട്ടും പ്രശ്നമായിരുന്നില്ല. ശുദ്ധമായ നീതിയും സത്യവും മാത്രമേ അവിടെ വിലപ്പോവുമായിരുന്നുള്ളൂ. മുഗീറയെക്കുറിച്ചാണെങ്കിൽ അത്തരം അനീതികളൊന്നും അവർക്ക് ആരോപിക്കാനുമില്ല. അതിനാൽ വിവരങ്ങൾ സൂക്ഷ്മമായി അന്വേഷിച്ചശേഷം വീണ്ടും മുഗീറയെത്തന്നെ അവിടെ ഗവർണറാക്കി നിശ്ചയിക്കുമെന്നായിരുന്നു അവരുടെ ആശങ്ക.

പക്ഷെ, ഗവർണ്ണർമാരുടെ പ്രവർത്തനങ്ങളെക്കുറിച്ചു ഉമർ(റ) ഒരിക്കലും അശ്രദ്ധനായിരുന്നില്ല. അവർ ജനങ്ങളിൽ നിന്ന് പാരിതോഷികങ്ങൾ പോലും വാങ്ങാൻ പാടില്ലെന്നായിരുന്നു ഉമറിന്റെ കല്പന. ഇങ്ങനെ പാരിതോഷികങ്ങൾ വാങ്ങിയെന്ന ഏക കുറ്റത്തിന്റെ പേരിൽ പ്രഗത്ഭരായ പല സഹാബികളേയും അദ്ദേഹം ഉദ്യോഗത്തിൽനിന്നു പിരിച്ചു വിട്ടിട്ടുണ്ട്. ഈ വസ്തുത ബഹറൈനിക്കാർക്ക് അറിയാം. അതിനാൽ അവരുടെ ഗോത്രത്തലവൻ ഒരു തന്ത്രം പ്രയോഗിച്ചു. ജനങ്ങളെ വിളിച്ചുവരുത്തി അയാൾ പറഞ്ഞു: " നിങ്ങൾ എല്ലാവരും കൂടി ഒരു ലക്ഷം ദിർഹം ശേഖരിച്ചു തരികയാണെങ്കിൽ മുഗീറയെ വീണ്ടും ഇങ്ങോട്ടയക്കാതിരിക്കാനുള്ള മാർഗം ഞാൻ ശരിപ്പെടുത്തിത്തരാം."

"ദിർഹം കൊണ്ട് താങ്കളെന്തു ചെയ്യും?"അവർ ചോദിച്ചു.

"ഞാൻ അതുമായി ഉമറിന്റെ സന്നിധിയിൽ ചെന്നു പറയും: "ഈ സംഖ്യ മുഗീറ സ്വന്തമായി സമ്പാദിച്ചു എന്റെ കയ്യിൽ സൂക്ഷിക്കാൻ ഏല്പിച്ചതാണെന്ന്. അത് കേട്ടാൽ ഉമർ പിന്നീടൊരിക്കലും മുഗീറയെ ഇങ്ങോട്ടയക്കില്ല."--ഗോത്രത്തലവൻ വിശദീകരിച്ചു.

താൽപര്യങ്ങൾക്കതീതമായി സത്യാസത്യങ്ങൾക്ക് വലിയ വിലയൊന്നും കൽപിക്കാതിരുന്ന ആ ജനതക്ക് ഗോത്രത്തലവന്റെ ഈ നിർദേശം വളരെ നന്നായിത്തോന്നി. അവർ ഒരു ലക്ഷം ദിർഹം ശേഖരിച്ചു അദ്ദേഹത്തെ ഏൽപിച്ചു. ഗോത്രത്തലവൻ സംഖ്യയുമായി നേരെ ഉമറിന്റെ സന്നിധിയിൽ ചെന്നു പറഞ്ഞു: "ഇതാ, നിങ്ങളുടെ ഗവർണ്ണർ മുഗീറ സ്വന്തമായി സമ്പാദിച്ചു എന്റെ കയ്യിൽ സൂക്ഷിക്കാൻ ഏൽപിച്ച സംഖ്യയാണിത്."

"എത്രയുണ്ട്?"

"ഒരു ലക്ഷം ദിർഹം."

ഉമർ ആശ്ചര്യപ്പെട്ടുപോയി. വളരെ കുറഞ്ഞ കാലംകൊണ്ട് മുഗീറ ഇത്രയും വലിയ ഒരു സംഖ്യ സ്വന്തമായി സമ്പാദിച്ചുവെന്നോ? അദ്ദേഹം ഉടനെ മുഗീറയെ വിളിച്ചുവരുത്തി. ദേഷ്യം കാരണം ആ മുഖം ചുവന്നുതുടുത്തിട്ടുണ്ടായിരുന്നു. മുഗീറയെനോക്കി ഘനഗംഭീരമായ ശബ്ദത്തിൽ അദ്ദേഹം ചോദിച്ചു:

"താങ്കൾ ബഹറൈനിൽനിന്ന് ഒരു ലക്ഷം ദിർഹം സ്വന്തമായി സമ്പാദിച്ചു ഇയാളുടെ കയ്യിൽ സൂക്ഷിക്കാൻ ഏല്പിച്ചുവെന്ന് പറഞ്ഞത് സത്യമാണോ?"

ചോദ്യം കേട്ടപ്പോൾ മുഗീറ പെട്ടെന്ന് സ്തംഭിച്ചുപോയി. പക്ഷെ, അറബികളിൽ ബുദ്ധിസാമർത്ഥ്യത്തിന് പേരുകേട്ട മുഗീറയെ അത്രവേഗം കബളിപ്പിക്കാൻ ആർക്കും കഴിയുമായിരുന്നില്ല. അദ്ദേഹം ഉടനെ മറുപടി പറഞ്ഞു:

"കളവാണത്. രണ്ടു ലക്ഷം ദിർഹമുണ്ടായിരുന്നു."

"ഇത്രവലിയ ഒരു സംഖ്യ സ്വന്തമായി ശേഖരിച്ചു വെക്കാൻ കാരണം?"—ഉമർ

"കുറച്ചു കാലത്തേക്കെങ്കിലും എനിക്കും കുടുംബത്തിനും സുഖമായി ജീവിക്കാമെന്ന് കരുതി."—മുഗീറ.

ഇത് കേട്ടപ്പോൾ ഗോത്രത്തലവൻ ആകെ പരുങ്ങലിലായി. ഇപ്പോൾ, തന്നെ ഏൽപിച്ച രണ്ടു ലക്ഷത്തിൽ ഒരു ലക്ഷം താൻ വെട്ടിപ്പു നടത്തിയെന്നാണ് വന്നിരിക്കുന്നത്. എന്തു ചെയ്യും? താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീണിരിക്കുന്നു! ആലോചിച്ചു നോക്കിയപ്പോൾ രക്ഷപ്പെടാൻ ഒരു മാർഗവുമില്ല. പരിഭ്രാന്തനായി അയാൾ ഖലീഫയെ നോക്കിക്കൊണ്ട് പറഞ്ഞു:

"അമീറുൽ മുഅ്മിനീൻ, എന്റെ കയ്യിൽ അദ്ദേഹം ഒരു ദിർഹവും തന്നിട്ടില്ല........"

ഉമറിന് സംഗതി മനസ്സിലായി. അദ്ദേഹം ചോദ്യഭാവത്തിൽ മുഗീറയെ നോക്കി. മുഗീറ പറഞ്ഞു:

"അമീറുൽ മുഅ്മിനീൻ, ഈ നീചൻ എന്നെക്കുറിച്ചു കളവു പറഞ്ഞു. അതിനാൽ അയാളെ ഒന്നുകൂടി നിന്ദിക്കണമെന്നേ എനിക്കാഗ്രഹമുണ്ടായിരുന്നുള്ളൂ."

●